LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിൽ 140 നിയോജക മണ്ഡലങ്ങളിലുമുള്ള ഓരോ സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 138 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം നടത്തുന്നതിനും 182 സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും 232 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകുകയും ഇവയുടെ പ്രവർത്തനം നടന്നു വരികയുമാണ്. വിവിധ ജില്ലകളിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തിലുള്ള സെമിനാറുകൾ നടന്നുവരുന്നു. അതോടൊപ്പം യൂത്ത് പാർലമെന്റ് സംഘടിപ്പിക്കുകയും മനുഷ്യാവകാശ പരിശീലന ക്ലബ്ബുകളും പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും കോളേജുതലത്തിലും പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ വിവിധ സംരംഭങ്ങൾ**

56 (4067) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വിവിധ സ്കൂളുകളിൽ സെമിനാർ , യൂത്ത് പാർലമെന്റ് മത്സരം, ഹ്യൂമൻ റൈറ്റ്സ് എഡ്യുക്കേഷൻ ക്ലബ്ബ് രൂപീകരണം എന്നിവ സംഘടിപ്പിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ സംരംഭങ്ങൾ ഏതൊക്കെ തീയതികളിൽ സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ അദ്ധ്യയനവർഷം തന്നെ ഇത് സംഘടിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഈഅദ്ധ്യയന വർഷം തന്നെ ഇവ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽനിന്നും ഓരോ സ്കൂളുകൾ തെരഞ്ഞെടുത്ത് അവിടെ പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ നടത്തുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. 36 സ്കൂളുകൾ ടി സെമിനാർ നടത്തി ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട്

നൽകിയിട്ടുണ്ട്. കൂടാതെ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ യൂത്ത് പാർലമെന്റ് മത്സരം 62 സ്കൂളുകളിലും പാർലമെന്ററി ലിറ്ററസി ക്ലബ്ബ് 25 സ്കൂളുകളിലും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് 13 സ്കൂളുകളിലും സംഘടിപ്പിച്ചിട്ടുള്ളതാണ്.

(സി) മാർച്ച് മാസം ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനാൽ ഇതുവരെയും സംഘടിപ്പിച്ചിട്ടില്ലാത്ത സ്കൂളുകളിൽ ഈ വർഷത്തിൽ നടത്തുവാൻ സാധിക്കുകയില്ല.

**ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി**

57 (4068) ശ്രീ. കെ. മുരളീധരൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) അതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽനിന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 15 ഏക്കർ സ്ഥലം ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തിയേറ്ററുകൾ, കൺവെൻഷൻ സെന്റർ, ഓഫീസ്, സെമിനാർ ഹാൾ, മീഡിയ റൂം, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധരെ തെരഞ്ഞെടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം (ആർ.എഫ്.പി.) കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കുന്ന വിദഗ്ദ്ധ ഏജൻസി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. ഇതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly